5 (2153) പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധന നിക്ഷേപം

ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മാത്രമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്;

(ബി) സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ചേർന്ന് എത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്;

(സി) കേന്ദ്രഗവൺമെന്റ് മാത്രമായി മൂലധന നിക്ഷേപം നടത്തിയിട്ടുള്ള എത്ര പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്;

(ഡി) ഗവൺമെന്റും സ്വകാര്യമേഖലയും സംയുക്തമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ടോ;

(ഇ) വിശദമായ ഒരു റിപ്പോർട്ട് ഇതു സംബന്ധിച്ച് നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ 76 പൊതുമേഖലാസ്ഥാപനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് മാത്രമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) 10 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാരും കേന്ദ്രഗവൺമെന്റും ചേർന്ന് മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെന്റിന്റെ ഭൂരിപക്ഷ മൂലധനനിക്ഷേപമുള്ള 19 പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്.

(ഡി)&(ഇ) ഗവൺമെന്റ് നേരിട്ട് സ്വകാര്യമേഖലയുമായി ചേർന്ന് മൂലധനനിക്ഷേപം നടത്താറില്ല. സ്വകാര്യമേഖലയിലെ വ്യവസായസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന അംഗീകൃതപദ്ധതി അനുസരിച്ച് ധനനിക്ഷേപം നടത്താറുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

6 (2154) വനിതാ വ്യവസായ യൂണിറ്റുകൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി. രാധാ രാഘവൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ വ്യവസായ യൂണിറ്റുകളുണ്ട്;

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽനിന്നും എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ട്;

(സി) വനിതാ വ്യവസായസംരംഭകർക്ക് എന്തെല്ലാം വിധത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly